നടപടികൾ നടന്നുവരുന്നു. ഈ സാഹചര്യത്തിലാണ് ശസ്ത്രക്രിയ നൂൽ ലോക്കൽ പർച്ചേസിലൂടെ ലഭ്യമാക്കുന്നത്. ലോക്കൽ പർച്ചേസ് മുഖാന്തിരം വാങ്ങിയ ശസ്ത്രക്രിയ നൂൽ ഉപയോഗിച്ചതുമൂലം ഓപ്പറേഷനുകൾ തകരാറിലായിട്ടില്ല. എന്നാൽ ശസ്ത്രക്രിയയിക്കുശേഷം മുറിവ് ഉണങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നബാർഡ് മുഖേന ലഭ്യമാകുന്ന ഫണ്ട്

135 [138] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിനും മറ്റു അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും 'നബാർഡ്' മുഖേന ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) കൊടുവള്ളി, നരിക്കുനി എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഈ സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ നിന്നും ധനസഹായം സ്വീകരിച്ച് ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ഹെൽത്ത് സർവീസസ് വകുപ്പിൽ നിന്നും 49,53,10,181 രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകളും ആയുർവേദ വകുപ്പിൽ നിന്നും 19.10 കോടി രൂപയുടെ പ്രൊപ്പോസലുകളും, ഹോമിയോപ്പതി വകുപ്പിൽ നിന്നും 42,07,291 രൂപയുടെ പ്രൊപ്പോസലുകളും നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിൽ നിന്നുള്ള അന്തിമ തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

(സി) കൊടുവള്ളി സി.എച്ച്.സി.-യുടെ കെട്ടിടം നിർമ്മാണത്തിന് 1,15,50,000 രൂപയുടെ പ്രൊപ്പോസൽ പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുമതി ലഭ്യമായിട്ടില്ല.

(ഡി) നബാർഡിൽ നിന്നും ധനസഹായം ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

136 [139] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡുമായി ചേർന്ന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതും) ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) കഴക്കൂട്ടം മണ്ഡലത്തിലെ താഴെ പറയുന്ന ആരോഗ്യ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്:

1. എം. സി. എച്ച്. യൂണിറ്റ്, പാങ്ങപ്പാറ (10,25,000 രൂപ)
2. പി. എച്ച്. സി., പെരുമാതുറ (15 ലക്ഷം രൂപ)
3. പി. എച്ച്. സി., പുത്തൻതോപ്പ് (5,25,000 രൂപ)
4. പി. എച്ച്. സി., മംഗലപുരം (16,00,000 രൂപ)
5. പി.എച്ച്. സി., അണ്ടൂർകോണം (44,50,000 രൂപ)

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ വികസനം

137 [140] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം, പൂവ്വാർ, പുല്ലുവിള എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് നടപ്പു സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?